ലാ റിഫോംസ് കമ്മിറ്റിയുടെ പ്രവർത്തന രീതി

33 (3592) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ രൂപം നൽകിയിട്ടുള്ള 'ലാ റിഫോംസ് കമ്മിറ്റി' എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ; വിശദീകരിക്കാമോ ;

(ബി) 'ലാ റിഫോംസ് കമ്മിറ്റി'യെ ചുമതലപ്പെടുത്തിയിട്ടുള്ള ഏതൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ലാ റിഫോംസ് കമ്മിറ്റിയുടെ ഘടന, പ്രവർത്തന രീതി എന്നിവ വിശദമാക്കുമോ ;

(ഡി) ലാ റിഫോംസ് കമ്മിറ്റി തയ്യാറാക്കിയ ഏതൊക്കെ കരടു നിയമനിർമ്മാണങ്ങളാണ് നടപ്പു നിയമസഭാ സമ്മേളന കാലയളവിൽ പാസ്സാക്കാനുദ്ദേശിച്ചിട്ടുള്ളത് എന്ന് പറയാമോ ?

ഉത്തരം

(എ) കാലഹരണപ്പെട്ട നിയമങ്ങൾ കണ്ടെത്തുക, കാലാനുസൃതമല്ലാത്ത നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക, സാധാരണ നിലയിൽ ഭേദഗതികളും മാറ്റങ്ങളും ആവശ്യമുള്ള നിയമങ്ങൾ കണ്ടെത്തുകയും അവയ്ക്ക് ഭേദഗതി ശുപാർശ ചെയ്യുകയും ചെയ്യുക, നീതിന്യായ കോടതികളുടെ വിധികൾക്കും വിദഗ്ദ്ധ സമിതികളുടെ അഭിപ്രായങ്ങൾക്കും അനുസരിച്ചുള്ള നിയമനിർമ്മാണമോ നിയമഭേദഗതിയോ ശുപാർശ ചെയ്യുക, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ലഭ്യമാക്കുന്ന തരത്തിലുള്ള സർക്കാർ നയങ്ങളുടെ വെളിച്ചത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് അവയിലെ അപ്രായോഗികതകൾ നീക്കം ചെയ്ത് ലളിതവും ഏകീകൃതവുമാക്കുക, സർക്കാർ നിർദ്ദേശിക്കുന്ന ഇതര കാര്യങ്ങൾ പരിഗണിക്കുക എന്നിവയാണ് 2001 നവംബർ 26-ാം തീയതിയിലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1054/2001/നിയമം എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട നിയമ പരിഷ്ക്കരണ കമ്മിറ്റി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ.

(ബി) സർക്കാർ നിയോഗിച്ച നിയമ പരിഷ്ക്കരണ സമിതി അതിന്റെ ആദ്യ റിപ്പോർട്ട് 30-11-2002-ൽ ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ ആകെ 697 നിയമങ്ങൾ നിയമ പുസ്തകത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് ശുപാർശ ചെയ്തിരുന്നു. കൂടാതെ കേരള സംസ്ഥാനത്ത് നിക്ഷേപ സൗഹൃദവും വികസന സൗഹൃദവും നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 16 പുതിയ നിയമങ്ങളുടേയും 9 ഭേദഗതി നിയമങ്ങളുടേയും കരട് ബില്ലുകൾ ഉൾപ്പെടെ ആകെ 25 കരട് ബില്ലുകളും ഒന്നാം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ നീതിന്യായ കോടതികളുടെ വിധികൾക്കും വിദഗ്ധ സമിതികളുടെ അഭിപ്രായങ്ങൾക്കും അനുസരിച്ചുള്ള ചില നിയമനിർമ്മാണങ്ങളും നിയമഭേദഗതികളും ഉൾപ്പെടും. കൂടാതെ സമൂഹത്തിലെ ദുർബല വിഭാഗക്കാരായ തൊഴിലാളികളുടെ ക്ഷേമത്തിനും കർഷകർക്കും കുട്ടികൾക്കും സാമൂഹ്യനീതി ലഭിക്കുന്നതിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കരട് ബില്ലുകൾ ഉൾപ്പെടും. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ കേരളത്തിലെ എല്ലാ എം.എൽ.എ.-മാർക്കും, എം.പി.-മാർക്കും വകുപ്പു മേധാവികൾക്കും, ഹൈക്കോടതി, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ബാർ കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവിനായി ഗസറ്റിൽ പ്രസിദ്ധീകരണത്തിനും നൽകിയിട്ടുണ്ട്.

നിയമ പരിഷ്കരണ കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ നിലനിന്നിരുന്ന ഏതാണ്ട് പത്ത് വിഷയങ്ങളിൽ ഉൾപ്പെട്ട മുപ്പതോളം നിയമങ്ങളെ ഏകീകരിക്കുവാനുള്ള കരട് ബില്ലുകൾ ഇപ്പോൾ തയ്യാറായി വരികയാണ്.

(സി) റവന്യൂവും നിയമവും വകുപ്പുമന്ത്രി ചെയർമാനായും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായാണ് നിയമ പരിഷ്ക്കരണ സമിതി രൂപീകരിച്ചത്. കരട് ബില്ലുകൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരും മറ്റു ഉദ്യോഗസ്ഥരുമായി കമ്മിറ്റി ചർച്ചകൾ നടത്തിയിരുന്നു. ഇതിനായി കമ്മിറ്റി തെരഞ്ഞെടുത്ത വിഷയങ്ങളിൽ നിയമ നിർമ്മാണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ക്ഷണിക്കുകയും അപ്രകാരം ലഭിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയുടെ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിരുന്നു. ഇതിനായി കമ്മിറ്റി 9 സിറ്റിംഗുകൾ നടത്തിയിരുന്നു. ഔപചാരികമായ ചർച്ചകൾക്ക് പുറമേ കമ്മിറ്റിയിലെ അംഗങ്ങളും അവരെ സഹായിക്കുന്ന ഉദ്യോഗസ്ഥരും ബന്ധപ്പെട്ട വകുപ്പുകളിലെ സെക്രട്ടറിമാരും ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയിരുന്നു. കൂടാതെ നിവേദനങ്ങൾ നല്കിയിരുന്ന സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ തുടങ്ങിയ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നത് സംബന്ധിച്ച് കേരളത്തിലെ എല്ലാ എം.എൽ.എ.-മാരുടേയും എല്ലാ ബാർ അസോസിയേഷനുകളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞിരുന്നു. കൂടാതെ പത്രക്കുറിപ്പിലൂടെ ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും അഭിപ്രായം തേടിയിരുന്നു.

(ഡി) ലാ റിഫോംസ് കമ്മിറ്റി തയ്യാറാക്കിയ കരടു ബില്ലുകൾ കഴിയുന്നതും വേഗം നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പു നിയമസഭാ സമ്മേളന കാലയളവിൽ കഴിയുന്നതും എല്ലാ ബില്ലുകളും പ്രസിദ്ധീകരിക്കുവാനും പാസ്സാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

ലീഗൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച ലിസ്റ്റ്

34 (3593) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സീ. ഏറ്റവും ഒടുവിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് ; ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly